# കേരളസർവകലാശാല

നം.പി.ആർ.33/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ ബി.എ. ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133), ബി.എസ്സി. കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241), ബി.എസ്സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328) (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2019, 2018 & 2017 അഡ്മിഷൻ, മേഴ്സിചാൻസ് – 2014 – 2016 അഡ്മിഷൻ), ജൂൺ 2022 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 23 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.കോം. കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (138) (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി 2017 – 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2014 – 2016 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി. (സി.ബി.സി.എസ്. മേഴ്സിചാൻസ് – 2010, 2011, 2012 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### രണ്ടാം സെമസ്റ്റർ ക്ലാസുകൾ

കേരളസർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്സി./ബി.കോം. (റെഗുലർ – 2022 അഡ്മിഷൻ), ബിരുദാനന്തര എം.എ./എം.എസ്സി./എം.കോം./എം.റ്റി.എ./എം.എസ്.ഡബ്ല്യൂ./എം.പി.എ. (റെഗുലർ – 2022 അഡ്മിഷൻ) രണ്ടാം സെമസ്റ്റർ ക്ലാസുകൾ 2023 ഫെബ്രുവരി 15 മുതൽ ആരംഭിക്കുന്നതാണ്.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ റെഗുലർ ബി.ടെക്. (2008 സ്കീം) കോഴ്സ്കോഡിൽ വരുന്ന ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് കോഴ്സിന്റെ മൂന്നാം സെമസ്റ്റർ, ജനുവരി 2023 (2008 സ്കീം) പരീക്ഷാ രജിസ്ട്രേഷൻ ഫെബ്രുവരി 15 ന് ആരംഭിക്കുന്നതാണ്. പിഴകൂടാതെ ഫെബ്രുവരി 25 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 28 വരെയും 400 രൂപ പിഴയോടെ മാർച്ച് 2 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### അക്കാദമിക ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ധനസഹായം – അപേക്ഷകൾ ക്ഷണിക്കുന്നു.

അന്തർദേശീയ ഗവേഷണ പ്രസിദ്ധീകരണങ്ങളിൽ 2021 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ അക്കാദമിക ലേഖനങ്ങൾ പ്രസിദ്ധീകരിച്ച/പ്രസിദ്ധീകരിക്കുന്ന, കേരള സർവകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നു. ഇതിനായുള്ള

അപേക്ഷക്കും മറ്റ് വിശദവിവരങ്ങൾക്കും സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷിക്കാനുള്ള അവസാന തീയതി 2023 മാർച്ച് 1.

തിരുവനന്തപുരം,
13.02.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**